# 11/2025

| ചോദ്യ പുസ്തക അക്ഷര കോഡ് | A | ചോദ്യ പുസ്തക ക്രമ നമ്പർ |
|---|---|---|

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 1 മണിക്കൂർ 15 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. A, B, C, D എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

DO NOT WRITE HERE

1. "ഇന്ത്യയുടെ ഭാവി നിർണ്ണയിക്കുന്നത് ഇന്ത്യയുടെ ക്ലാസ് മുറികളിലാണ്" - ഈ പ്രസ്താവന ആരുവായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഗാന്ധിജി
(B) ലക്ഷ്മണസ്വാമിമുതലിയാർ
(C) ഡോക്ടർ രാധാകൃഷ്ണൻ
(D) ഡോക്ടർ ഡി.എസ്. കോത്താരി

2. ലോകമെമ്പാടും മനുഷ്യാവകാശദിനമായി ആചരിക്കുന്നത് എന്ന്?

(A) ഡിസംബർ 10
(B) ഡിസംബർ 1
(C) ഡിസംബർ 25
(D) ഡിസംബർ 24

3. "ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിനാകെ ജലദോഷം പിടിക്കും" ആരുടെ അഭിപ്രായമാണിത് ?

(A) നെപ്പോളിയൻ
(B) മെറ്റേർണിക്ക്
(C) റൂസ്സോ
(D) വോൾട്ടയർ

4. "കടത്തനാടൻ സിംഹം" എന്നറിയപ്പെടുന്ന കേരള നവോഥാന നായകൻ ആര്?

(A) വാഗ്ഭടാനന്ദൻ
(B) കുറൂളിചേകോൻ
(C) ശ്രീനാരായണഗുരു
(D) അയ്യങ്കാളി

5. രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ കോടതി കേരളത്തിലെ ഏത് ജില്ലയിലാണ് ആരംഭിച്ചത് ?

(A) എർണാകുളം
(B) തിരുവനന്തപുരം
(C) കൊല്ലം
(D) പാലക്കാട്

6. ഗ്രീനിച്ച് സമയം ($0^0$ രേഖാംശരേഖയിലെ) 2pm ആകുമ്പോൾ ഇന്ത്യയിലെ സമയം എത്ര?

(A) 5.30 am
(B) 5.30 pm
(C) 7.30 pm
(D) 7.30 am

7. താഴെപ്പറയുന്നവയിൽ ധനനയവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

(i) ഈ നയം നടപ്പിലാക്കുന്നത് ബജറ്റിൽകൂടിയാണ്
(ii) പൊതുകടം, പൊതുചെലവ്, പൊതുവരുമാനം എന്നിവയെ സംബന്ധിച്ച സർക്കാർ നയം
(iii) ധനനയത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ് അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക

(A) ഒന്നും രണ്ടും
(B) മൂന്നും ഒന്നും
(C) ഇവയെല്ലാം
(D) രണ്ടും മൂന്നും

8. ഭരണഘടനയുടെ എത്രാമത്തെ ഭേദഗതി അനുസരിച്ചാണ് വോട്ടിങ്ങ് പ്രായം 21-ൽ നിന്ന് 18 ആക്കിയത്?

(A) 42
(B) 74
(C) 91
(D) 61

9. വിഴിഞ്ഞം തുറമുഖം സ്ഥിതിചെയ്യുന്നത് ഏത് താലൂക്കിലാണ്?
(A) നെടുമങ്ങാട്
(B) നെയ്യാറ്റിൻകര
(C) ചിറയിൻകീഴ്
(D) കാട്ടാക്കട

10. മൺസൂൺ മഴയും ഇടവിട്ടു വേനൽക്കാലവും മാറിമാറി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ രൂപപ്പെടുന്ന മണ്ണിനം
(A) കറുത്തമണ്ണ്
(B) എക്കൽമണ്ണ്
(C) പർവ്വതമണ്ണ്
(D) ലാറ്ററൈറ്റ് മണ്ണ്

11. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബർ ഉൽപാദിപ്പിക്കുന്ന സംസ്ഥാനം ഏത്?
(A) തമിഴ്നാട്
(B) കർണാടക
(C) ആസ്സാം
(D) കേരളം

12. ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യമേഖലാ ഇരുമ്പുരുക്ക് വ്യവസായശാല ഏത്?
(A) വിശ്വേശ്വരയ്യാ അയൺ ആന്റ് സ്റ്റീൽ വർക്സ് ലിമിറ്റഡ്, കർണാടകം
(B) ടാറ്റാ ഇരുമ്പുരുക്ക് കമ്പനി, ജംഷഡ്പൂർ
(C) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ്, രൂർക്കേല
(D) ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി, പശ്ചിമ ബംഗാൾ

13. ഇന്ത്യയിലെ ഏറ്റവും വിസ്തൃതവും പഴക്കം ചെന്നതും ഉറപ്പേറിയ ശിലകളാൽ നിർമ്മിതവുമായ ഭൂവിഭാഗം ഏത്?
(A) മാൾവാ പീഠഭൂമി
(B) ഉപദ്വീപീയ പീഠഭൂമി
(C) ആരവല്ലി പർവ്വതനിര
(D) ഉത്തരമഹാസമതലം

14. കേരളത്തിലെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമതീര കനാൽ ഏത്?
(A) ദേശീയ ജലപാത-3
(B) ദേശീയ ജലപാത-4
(C) ദേശീയ ജലപാത-5
(D) ദേശീയ ജലപാത-2

15. ഇന്ത്യയുടെ "ധാന്യപ്പുര" എന്നറിയപ്പെടുന്നത് ഏത് ഭൂവിഭാഗത്തെ ആണ്?
(A) ഉത്തര പർവ്വതമേഖല
(B) ഉത്തര മഹാസമതലം
(C) ഉപദ്വീപീയ പീഠഭൂമി
(D) തീരസമതലങ്ങൾ

16. ഭൂപ്രതലത്തിൽ നിന്നും ഭൗമോപരിതലത്തിന്റെ ചിത്രങ്ങൾ ക്യാമറ ഉപയോഗിച്ച് പകർത്തുന്ന രീതി ഏത് പേരിൽ അറിയപ്പെടുന്നു?
(A) ഭൂതല ഛായാഗ്രഹണം
(B) ആകാശീയ വിദൂരസംവേദനം
(C) പ്രത്യക്ഷ വിദൂരസംവേദനം
(D) ഇവയൊന്നുമല്ല

17. ഇന്ത്യയുടെ ഏറ്റവും തെക്കേ അറ്റത്തുള്ള സ്ഥലം ഏത്?
(A) ഇന്ദിരാ പോയിന്റ്
(B) തൂത്തുകുടി
(C) പാറശാല
(D) കന്യാകുമാരി

18. ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കാത്ത ഘടകം കണ്ടെത്തുക?

(A) അക്ഷാംശീയസ്ഥാനം (B) പശ്ചിമ അസ്വസ്ഥത

(C) ഭൂപ്രകൃതി (D) സമുദ്രസാമിപ്യം

19. പടിഞ്ഞാറൻ തീരസമതലവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ?

(i) താരതമ്യേന വീതി കുറവ്

(ii) ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടൽ സ്ഥിതി ചെയ്യുന്നു

(iii) റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ നീളുന്നു

(iv) വീതി താരതമ്യേന കൂടുതൽ

(A) ഒന്നും രണ്ടും ശരിയാണ് (B) രണ്ടും മൂന്നും ശരിയാണ്

(C) ഒന്നും മൂന്നും ശരിയാണ് (D) രണ്ടും നാലും ശരിയാണ്

20. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏത്?

(A) ആനമുടി (B) എവറസ്റ്റ്

(C) കാഞ്ചൻജംഗ (D) ഹിമാലയം

21. ചുവടെ പറയുന്നവയിൽ സാമൂഹ്യപരിഷ്ക്കർത്താവായ അയ്യങ്കാളിയുമായി ബന്ധമില്ലാത്തതേതാണ്?

(i) കല്ലുമാല സമരത്തിന് നേതൃത്വം നൽകി

(ii) തെക്കെ ഇന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തി

(iii) പിന്നൊക്ക ജാതിക്കാർക്ക് സ്കൂൾ വിദ്യാഭ്യാസം നൽകണമെന്ന് വാദിച്ചു

(A) (ii) മാത്രം (B) (i), (ii) എന്നിവ

(C) (iii) മാത്രം (D) (ii), (iii) എന്നിവ

22. തിരു-കൊച്ചി സംസ്ഥാനം രൂപീകൃതമായതെന്ന്?

(A) 1956 നവംബർ 1 (B) 1949 ജൂലൈ 1

(C) 1949 ജനുവരി 12 (D) 1948 ജൂലൈ 28

23. 1917 -ൽ ഗാന്ധിജി പങ്കെടുത്ത നീലം കർഷകരുടെ സമരം നടന്ന സ്ഥലം

(A) ഖേഡ (B) അഹമ്മദാബാദ്

(C) ചമ്പാരൻ (D) അമൃത്സർ

24. ബനാറസ് സംസ്കൃത കോളേജിന്റെ സ്ഥാപകനാരാണ്?

(A) ജൊനാഥൻ ഡങ്കൻ (B) വില്യം ജോൺസ്

(C) ദയാനന്ദ സരസ്വതി (D) ദേബേന്ദ്രനാഥ ടാഗോർ

25. താഴെപ്പറയുന്നവയിൽ ഗാന്ധി-ഇർവിൻ ഉടമ്പടിയുമായി ബന്ധമില്ലാത്തതേത്?
(i) നിയമലംഘന പ്രസ്ഥാനം പിൻപലിക്കും
(ii) പ്രവിശ്യകളിലെ ദ്വിഭരണം അവസാനിപ്പിക്കും
(iii) രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കും
(A) (i) മാത്രം
(B) (ii), (iii) എന്നിവ
(C) (ii) മാത്രം
(D) (iii) മാത്രം

26. സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനമായ "ആത്മ വിദ്യാസംഘം" സ്ഥാപിച്ചതാര്?
(A) വൈകുണ്ഡ സ്വാമികൾ
(B) ശ്രീനാരായണ ഗുരു
(C) ചട്ടമ്പി സ്വാമികൾ
(D) വാഗ്ഭടാനന്ദൻ

27. 2024 -ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയതാര്?
(A) N.S. മാധവൻ
(B) P. വൽസല
(C) S. ഹരീഷ്
(D) അശോകൻ ചരുവിൽ

28. സാമൂഹ്യപരിഷ്കരണ പദ്ധതിയായ "യോഗ്യശ്രീ" അടുത്തിടെ നടപ്പിലാക്കിയ സംസ്ഥാനം:
(A) ഉത്തർ പ്രദേശ്
(B) ഗുജറാത്ത്
(C) പശ്ചിമ ബംഗാൾ
(D) ആസ്സാം

29. ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകൻ എന്നു വിളിക്കുന്നതാരെയാണ്?
(A) ശ്രീമൂലം തിരുനാൾ
(B) മാർത്താണ്ഡവർമ്മ
(C) ശക്തൻ തമ്പുരാൻ
(D) ധർമ്മരാജ

30. 2024-ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചതാർക്കാണ്?
(A) ഡേവിഡ് ബക്കർ
(B) ജോൺ ഫോസ്
(C) ഹാൻ കാംങ്ങ്
(D) ഹരോൾഡ് പിന്റർ

31. താഴെപ്പറയുന്നവയിൽ ഇന്ത്യൻ ഭരണഘടനയിൽ നിലവിലുള്ള മൗലിക അവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്തത് ഏത്?
(A) ചൂഷണത്തിന് എതിരെയുള്ള അവകാശം
(B) സ്വകാര്യ സ്വത്തിനുള്ള അവകാശം
(C) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
(D) സ്വാതന്ത്ര്യത്തിനുള്ള അവകാശം

32. ഇന്ത്യൻ ഭരണഘടനയിൽ "മൗലിക കടമകൾ" എന്ന ആശയം ഉൾപ്പെടുത്തിയത് ഏത് രാജ്യത്തിന്റെ ഭരണഘടനയിൽ നിന്നാണ്?
(A) സോവിയറ്റ് യൂണിയൻ
(B) അമേരിക്ക
(C) ഓസ്ട്രേലിയ
(D) ഇംഗ്ലണ്ട്

33. താഴെപ്പറയുന്നവയിൽ ഇന്ത്യയുടെ ദേശീയ ഗാനവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏത്?

(i) ദേശീയ ഗാനം ജനഗണമനയുടെ ദൈർഘ്യം ഏകദേശം 51 സെക്കൻഡ് ആണ്

(ii) ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1911 ലെ കൽക്കത്ത സമ്മേളനത്തിൽ ജനഗണമന ആദ്യമായി ആലപിച്ചത് മാലിനി ചൗധരിയാണ്

(iii) നോബൽ സമ്മാന ജേതാവായ ബംഗാളി കവി ബങ്കിം ചന്ദ്ര ചാറ്റർജിയുടെ കവിതയിലെ വരികളാണ് ദേശീയ ഗാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

(A) (i) മാത്രം
(B) (i), (ii) മാത്രം
(C) (i), (iii) മാത്രം
(D) ഇവയെല്ലാം

34. ഇന്ത്യയിലെ മുഖ്യ വിവരാവകാശ കമ്മീഷണറെ നിയമിക്കുന്നത് ആര്?

(A) രാഷ്ട്രപതി
(B) പ്രധാനമന്ത്രി
(C) ചീഫ് ജസ്റ്റിസ്
(D) ഉപരാഷ്ട്രപതി

35. താഴെപ്പറയുന്നവയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏത്?

(i) 1993 ലെ പ്രൊട്ടക്ഷൻ ഓഫ് ഹ്യൂമൻ റൈറ്റ്സ് ആക്ട് അനുസരിച്ചാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത്

(ii) ദേശീയ മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ കാലാവധി മൂന്നുവർഷമോ അല്ലെങ്കിൽ 65 വയസ് തികയുന്നത് വരെയോ ഏതാണോ നേരത്തെ ഉള്ളത് അതായിരിക്കും

(iii) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാനം ന്യൂഡൽഹിയിലാണ്

(A) (i) മാത്രം
(B) (i), (ii) മാത്രം
(C) (i), (iii) മാത്രം
(D) ഇവയെല്ലാം

36. ഇന്ത്യൻ ഭരണഘടനയിലെ ചില വകുപ്പുകളും അവയുടെ വിവരണവും നൽകിയിരിക്കുന്നു. ചേരുംപടി ചേർക്കുക

| | A | | B |
|---|---|---|---|
| (a) | തൊട്ടുകൂടായ്മ നിർത്തലാക്കൽ | i. | വകുപ്പ് 21 |
| (b) | ജീവന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം | ii. | വകുപ്പ് 21 A |
| (c) | വിദ്യാഭ്യാസത്തിനുള്ള അവകാശം | iii. | വകുപ്പ് 32 |
| (d) | ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവും | iv. | വകുപ്പ് 17 |

(A) a – iv, b – i, c – ii, d – iii
(B) a – iv, b – ii, c – i, d – iii
(C) a – iv, b – iii, c – ii, d – i
(D) a – ii, b – iii, c – iv, d – i

37. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനായി നിയോഗിക്കപ്പെട്ട സംസ്ഥാന പുനസംഘടന കമ്മീഷന്റെ അധ്യക്ഷൻ ആരായിരുന്നു?

    (A) വിപി മേനോൻ
    (B) ഫസൽ അലി
    (C) സർദാർ വല്ലഭഭായി പട്ടേൽ
    (D) ഇവരാരുമല്ല

38. പൊതുസ്വഭാവമുള്ള കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിട്ടുള്ളവർ നിയമപരമായി നിർവഹിക്കേണ്ട ഒരു കടമ നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയാൽ തങ്ങളുടെ കർത്തവ്യം നിയമാനുസരണം നിർവഹിക്കണമെന്ന് ആജ്ഞാപിച്ചുകൊണ്ട് സുപ്രീംകോടതി പുറപ്പെടുവിക്കുന്ന റിട്ട് ഏതാണ്?

    (A) ഹേബിയസ് കോർപ്പസ്
    (B) മാൻഡമസ്
    (C) കോവാറൻറോ
    (D) സെർഷ്യറാറി

39. ഇന്ത്യയുടെ ദേശീയഗീതം രചിച്ചതാര്?

    (A) രവീന്ദ്രനാഥ ടാഗോർ
    (B) സത്യേന്ദ്രനാഥ ടാഗോർ
    (C) ബങ്കിം ചന്ദ്ര ചാറ്റർജി
    (D) ഇവരാരുമല്ല

40. ഇന്ത്യൻ ഭരണഘടനയുടെ എട്ടാം പട്ടിക അനുസരിച്ച് നിലവിലുള്ള ഔദ്യോഗിക ഭാഷകളുടെ എണ്ണം എത്ര?

    (A) 20 (B) 21 (C) 22 (D) 15

41. കേരളത്തിന്റെ ഔദ്യോഗിക മത്സ്യം ഏത്?

    (A) കരിമീൻ
    (B) ചെമ്മീൻ
    (C) അയല
    (D) ആവോലി

42. കേരളത്തിൽ ആകെയുള്ള രാജ്യസഭാ സീറ്റുകൾ എത്ര?

    (A) 10
    (B) 12
    (C) 9
    (D) 8

43. കേരള സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി ആര്?

    (A) റോഷി അഗസ്റ്റിൻ
    (B) കെ. കൃഷ്ണൻകുട്ടി
    (C) പി. പ്രസാദ്
    (D) പി. രാജീവ്

44. കേരളത്തിൽ കിഴക്കോട്ട് ഒഴുകുന്ന നദികളുടെ എണ്ണം എത്ര?

    (A) 41 (B) 44 (C) 3 (D) 4

45. കേരളത്തിലെ ഏറ്റവും വലിയ ജലസേവന പദ്ധതി?

    (A) മലമ്പുഴ (B) വാഴാനി (C) പീച്ചി (D) കല്ലട

46. സൈലന്റ് വാലി സ്ഥിതി ചെയ്യുന്ന ജില്ല ഏത്?

(A) ഇടുക്കി
(B) പാലക്കാട്
(C) വയനാട്
(D) പത്തനംതിട്ട

47. കേരള സംസ്ഥാന കായിക വകുപ്പ് മന്ത്രി ആര്?

(A) വി. അബ്ദുർറഹിമാൻ
(B) കെ. രാധാകൃഷ്ണൻ
(C) പി. രാജീവ്
(D) പി. പ്രസാദ്

48. ചട്ടമ്പി സ്വാമികൾ ജനിച്ച കേരളത്തിലെ ജില്ല ഏതാണ്?

(A) കൊല്ലം
(B) തിരുവനന്തപുരം
(C) പത്തനംതിട്ട
(D) കോട്ടയം

49. അയ്യങ്കാളി ജനിച്ചത് എന്ന്?

(A) 1863 ജൂലൈ 28
(B) 1863 സെപ്റ്റംബർ 28
(C) 1863 ജൂൺ 28
(D) 1863 ഓഗസ്റ്റ് 28

50. ഇ. വി. രാമസ്വാമി നായ്ക്കർ സ്മാരകം സ്ഥിതി ചെയ്യുന്നത് എവിടെ?

(A) വൈക്കം
(B) ചാവക്കാട്
(C) കോഴഞ്ചേരി
(D) പള്ളിപ്പുറം

51. താഴെ പറയുന്നവരിൽ വേറിട്ടു നിൽകുന്ന സാമൂഹ്യപരിഷ്കർത്താവ് ആര്?

(A) വി.ടി. ഭട്ടതിരിപ്പാട്
(B) ഏലിയാസ് ചാവറ
(C) മഹാദേവ് ഗോവിന്ദ റാനഡെ
(D) വൈകുണ്ഠ സ്വാമി

52. സംസ്ഥാന പുനസംഘടനാ കമ്മീഷനിൽ അംഗമായിരുന്ന മലയാളി ആര്?

(A) കെ.എം. പണിക്കർ
(B) വി.പി. മേനോൻ
(C) കെ.പി. കേശവ മേനോൻ
(D) കെ. മാധവൻ നായർ

53. തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രശസ്തനായ നേതാവിനെ തിരിച്ചറിയുക.

(i) 1904 ഒക്ടോബറിൽ ബ്രിട്ടീഷ് ഇന്ത്യയിലെ മലബാർ ജില്ലയിൽ ജനനം

(ii) 1927 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്നു, പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി

(iii) "എന്റെ ജീവിത കഥ" അദ്ദേഹത്തിന്റെ ആത്മ കഥയാണ്.

(A) ഇ.എം. എസ്. നമ്പൂതിരിപ്പാട്
(B) ടി.കെ. മാധവൻ
(C) എ.കെ. ഗോപാലൻ
(D) കെ. രാമകൃഷ്ണപിള്ള

54. "ഗാന്ധിയും അരാജകത്വവും" എന്ന ഗ്രന്ഥം എഴുതിയതാര്?

(A) എൻ. വി. കൃഷ്ണ വാരിയർ
(B) എം.ടി. വാസുദേവൻ
(C) കെ. അയ്യപ്പൻ
(D) ചേറ്റൂർ ശങ്കകരൻ നായർ

55. "ഫത്തഹദൽ മുബീൻ" എന്ന അറബി കാവ്യത്തെ പറ്റി താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം?

(i) കവി ഖാസി മുഹമ്മദ് എഴുതി
(ii) സാമൂതിരി രാജാവിനെ പ്രകീർത്തിക്കുന്ന പരാമർശമുണ്ട്
(iii) കേരളത്തിലെ ജാതിവ്യവസ്ഥ വിവരിക്കുന്നു.
(iv) പതിനേഴാം നൂറ്റാണ്ടിൽ എഴുതിയ കാവ്യം

(A) i, ii
(B) ii, iii
(C) i, iv
(D) iii, iv

56. കേരളത്തിലെ ആദ്യ വനിത സമ്മേളനം നടന്ന സ്ഥലം?

(A) വൈക്കം
(B) വടകര
(C) കൊച്ചി
(D) മഞ്ചേരി

57. "ദർസാർ സാഹിബ്" എന്നറിയപ്പെടുന്ന കേരളത്തിലെ സാമൂഹ്യ പരിഷ്കർത്താവ്?

(A) ഡോ പൽപു
(B) മൊയ്തു മൗലവി
(C) അയ്യത്താൻ ഗോപാലൻ
(D) കെ കേളപ്പൻ

58. ബാരിസ്റ്റർ ജി. പി. പിള്ള താഴെ പറയുന്ന ഏത് സംഭവവുമായി ബന്ധപ്പെട്ട നേതാവാണ്?

(A) ഈഴവ മെമ്മോറിയൽ
(B) നിവർത്തന പ്രക്ഷോഭം
(C) ഗുരുവായൂർ സത്യാഗ്രഹം
(D) മലയാളി മെമ്മോറിയൽ

59. കൊച്ചി രാജാ പ്രജാമണ്ഡലത്തിന്റെ നേതാക്കളിൽ പെടാത്തത് ആര്?

(A) പനമ്പിള്ളി ഗോവിന്ദ മേനോൻ
(B) ഇക്കണ്ട വാര്യർ
(C) ഷൺമുഖം ചെട്ടി
(D) എസ് നീലകണ്ഠ അയ്യർ

60. കേരള സംസ്ഥാന രൂപീകരണത്തിനായി തിരുവിതാംകൂറിലെ നാല് താലൂക്കുകൾ മദിരാശി സംസ്ഥാനത്തിന് വിട്ട് കൊടുത്തിരുന്നു. അതിൽ ഒരെണ്ണം താഴെ പറയുന്നു. ഏത്?

(A) കുന്നത്തൂർ
(B) അഗസ്തീശ്വരം
(C) മാവേലിക്കര
(D) ചിറയിൻകീഴ്

61. വിട്ടാമിൻ A യുടെ ലഭ്യത കുറയുമ്പോൾ ഉണ്ടാക്കുന്ന ഒരുരോഗം ഏത്?

(A) മയോപിയ
(B) നിശാന്ധത
(C) വർണാന്ധത
(D) ഗ്ലോക്കോമ

62. താഴെ പറയുന്നവയിൽ ജീവിതശൈലീരോഗം അല്ലാത്തത് ഏത്?

(A) പ്രമേഹം
(B) ഫാറ്റിലിവർ
(C) ഹീമോഫീലിയ
(D) പക്ഷാഘാതം

63. 'നിശ്ശബ്ദവസന്തം' (സൈലന്റ് സ്പ്രിങ്) എന്ന പുസ്തകത്തിന്റെ രചയിതാവ് ആര്?

(A) ചാൾസ് ഡാർവിൻ
(B) എം.എസ്. സ്വാമിനാഥൻ
(C) സലീം അലി
(D) റേച്ചൽ കാഴ്സൺ

64. താഴെ പറയുന്നവയിൽ വന്യജീവി സങ്കേതത്തിന് ഉദാഹരണമേത്?

(A) പെരിയാർ
(B) ഇരവികുളം
(C) സൈലന്റ്‌വാലി
(D) നീലഗിരി

65. മനുഷ്യ ശരീരത്തിലെ ഏറ്റവും കാഠിന്യമുള്ള പദാർത്ഥം ഏത്?

(A) ഡെന്റൈൻ
(B) ഇനാമൽ
(C) തലയോട്
(D) സ്റ്റേപ്പിസ്

66. ഏതിനും ശ്വേത രക്താണുക്കളുടെ ജനിതക സംവിധാനം ഉപയോഗിച്ചാണ് എയ്ഡ്സിനു കാരണമായ എച്ച്.ഐ.വി. വൈറസ് പെറുകുന്നത്?

(A) ന്യൂട്രോഫിൽ
(B) ഈസിനോഫിൽ
(C) ലിംഫോസൈറ്റ്
(D) മോണോസൈറ്റ്

67. മനുഷ്യ ശരീരത്തിൽ യൂറിയയുടെ നിർമ്മാണം നടക്കുന്നത് എവിടെയാണ്?

(A) കരൾ
(B) വൃക്ക
(C) തലച്ചോർ
(D) ആഗ്നേയഗ്രന്ഥി

68. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത പാവലിന്റെ ഇനം ഏത്?

(A) അമ്പിളി
(B) കൗമുദി
(C) സൽകീർത്തി
(D) പ്രിയങ്ക

69. അന്താരാഷ്ട്ര ചെറുധാന്യ വർഷമായി അഘോഷിച്ച വർഷം ഏത്?

(A) 2021
(B) 2022
(C) 2023
(D) 2024

70. സർക്കാർ പൊതു ജനാരോഗ്യ പദ്ധതിയായ 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി' പ്രകാരം ദരിദ്രരും ദുർബലരുമായ കുടുംബങ്ങൾക്ക് ചികിൽസക്കായി പ്രതിവർഷം അനുവദിച്ചിട്ടുള്ള തുക എത്രയാണ്?

(A) 1 ലക്ഷം
(B) 5 ലക്ഷം
(C) 3 ലക്ഷം
(D) 2 ലക്ഷം

71. പ്രവൃത്തി സംഭവിക്കുന്ന ചില സന്ദർഭങ്ങൾ നല്കിയിരിക്കുന്നു.

(i) ഒരു കല്ല് മുകളിലേക്ക് എറിയുമ്പോൾ ഭൂഗുരുത്വാകർഷണബലം കല്ലിൽ ചെയ്യുന്ന പ്രവൃത്തി

(ii) തെങ്ങിൽനിന്ന് തേങ്ങ താഴേക്ക് വീഴുമ്പോൾ ഭൂഗുരുത്വാകർഷണം ചെയ്ത പ്രവൃത്തി

(iii) ഒരു കല്ല് മുകളിലേക്ക് എറിയുമ്പോൾ നാം പ്രയോഗിക്കുന്ന ബലം കല്ലിൽ ചെയ്യുന്ന പ്രവൃത്തി

മുകളിൽ തന്നിരിക്കുന്നവ പരിശോധിച്ച് ശരിയായ ഉത്തരം കണ്ടെത്തുക.

(A) തന്നിരിക്കുന്നവയിൽ (i) മാത്രമാണ് പ്രവൃത്തി പോസിറ്റീവായ സന്ദർഭം.

(B) തന്നിരിക്കുന്നവയിൽ (iii) മാത്രമാണ് പ്രവൃത്തി പോസിറ്റീവായ സന്ദർഭം.

(C) തന്നിരിക്കുന്നവയിൽ (ii) ഉം (iii) ഉം മാത്രമാണ് പ്രവൃത്തി പോസിറ്റീവായ സന്ദർഭങ്ങൾ

(D) തന്നിരിക്കുന്നവയിൽ (i) ഉം (ii) ഉം മാത്രമാണ് പ്രവൃത്തി പോസിറ്റീവായ സന്ദർഭങ്ങൾ

72. ഒരു കോൺകേവ് ദർപ്പണത്തിന്റെ Fനും Pക്കും ഇടയിൽ വച്ചിരിക്കുന്ന വസ്തു രൂപീകരിക്കുന്ന പ്രതിബിംബത്തിന്റെ സ്വഭാവം എന്ത്?

(A) മിഥ്യ, വസ്തുവിനേക്കാൾ ചെറുത്, നിവർന്നത്

(B) വസ്തുവിനേക്കാൾ വലുത്, നിവർന്നത്, യഥാർത്ഥം

(C) നിവർന്നത്, വസ്തുവിനേക്കാൾ ചെറുത്, യഥാർത്ഥം

(D) വസ്തുവിനേക്കാൾ വലുത്, മിഥ്യ, നിവർന്നത്

73. മനുഷ്യരുടെ ശ്രവണ പരിധി------------ ആണ്.

(A) 20 Hz മുതൽ 2000 Hz വരെ
(B) 2 Hz മുതൽ 20000 Hz വരെ
(C) 20 Hz മുതൽ 20000 Hz വരെ
(D) 2 Hz മുതൽ 2000 Hz വരെ

74. ഫാരൻഹൈറ്റ് തെർമോമീറ്റർ പ്രകാരം 98°F താപനില കെൽവിൻ സ്കെയിൽ പ്രകാരം ------------ ആണ്.

(A) 310 K
(B) 37 K
(C) 61 K
(D) 371 K

75. ചലനവുമായി ബന്ധപ്പെട്ടുള്ള ശരിയായ സമവാക്യം ഏത്?

(A) $v = u + st$
(B) $u^2 = v^2 - 2as$
(C) $s = uv + ½ at^2$
(D) $v^2 = u^2 + 2at$

76. ഒരു പെട്രോൾകാറിൽ നടക്കുന്ന പ്രധാന ഊർജ പരിവർത്തനം തിരഞ്ഞെടുക്കുക.

(A) വൈദ്യുതോർജം യാന്ത്രികോർജമാകുന്നു

(B) താപോർജം വൈദ്യുതോർജമാകുന്നു.

(C) രാസോർജം ഗതികോർജമാകുന്നു

(D) യാന്ത്രികോർജം താപോർജമാകുന്നു

77. സൂര്യഗ്രഹണത്തിനു കാരണമാവുന്ന ശരിയായ ക്രമീകരണം കണ്ടെത്തുക.

(A) ഭൂമിക്കും സൂര്യനുമിടയിൽ ചന്ദ്രൻ വരുന്നു

(B) ചന്ദ്രനും സൂര്യനുമിടയിൽ ഭൂമി വരുന്നു

(C) സൂര്യനും ഭൂമിക്കുമിടയിൽ ബുധൻ വരുന്നു

(D) ചന്ദ്രനും ഭൂമിക്കുമിടയിൽ സൂര്യൻ വരുന്നു.

78. ഹൈഡ്രജന്റെ ഗുണങ്ങളുമായി ബന്ധപ്പെട്ട് ചില പ്രസ്താവനകൾ തന്നിരിക്കുന്നു.

(i) ഹൈഡ്രജൻ നിറമോ മണമോ ഇല്ല

(ii) ഹൈഡ്രജൻ ജലത്തിൽ ലയിക്കുന്നു

(iii) ഹൈഡ്രജൻ ദ്വയാറ്റോമിക തന്മാത്രകളായിട്ടാണ് കാണപ്പെടുന്നത്

ഈ പ്രസ്താവനകൾ പരിശോധിച്ച് ശരിയായ ഉത്തരം കണ്ടെത്തുക

(A) തന്നിരിക്കുന്നവയിൽ (i), (ii) എന്നിവമാത്രമാണ് ശരി

(B) തന്നിരിക്കുന്നവയിൽ (iii) മാത്രമാണ് ശരി

(C) തന്നിരിക്കുന്നവയിൽ (ii) മാത്രമാണ് തെറ്റ്

(D) തന്നിരിക്കുന്നവയിൽ (ii), (iii) എന്നിവ മാത്രമാണ് തെറ്റ്

79. തന്നിരിക്കുന്നവയിൽ നിന്ന് ഐസോടോപ്പുകളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന കണ്ടെത്തതുക

(A) ഒരേ മാസ്നമ്പരും വ്യത്യസ്ത അറ്റോമികനമ്പരുമുള്ള ആറ്റങ്ങളാണ് ഐസോടോപ്പുകൾ

(B) വ്യത്യസ്ത മാസ്നമ്പരും ഒരേ അറ്റോമികനമ്പരുമുള്ള ഒരേ മൂലകത്തിന്റെ വ്യത്യസ്ത ആറ്റങ്ങളാണ് ഐസോടോപ്പുകൾ

(C) ഒരേ അറ്റോമികനമ്പരും ഒരേ മാസ് നമ്പരുമുള്ള വ്യത്യസ്ത മൂലകത്തിന്റെ ഒരേ ആറ്റങ്ങളാണ് ഐസോടോപ്പുകൾ

(D) വ്യത്യസ്ത മാസ് നമ്പരും വ്യത്യസ്ത അറ്റോമികനമ്പരുമുള്ള ആറ്റങ്ങളാണ് ഐസോടോപ്പുകൾ

80. അറ്റോമിക സംഖ്യ 8 ആയ മൂലകമാണ്_________.

(A) H (B) C (C) N (D) O

81. 15 + 33 ÷ 11 × (12 ÷ 3) – 10 കണക്കാക്കുക

(A) 62 (B) 17 (C) –108 (D) –3

82. $\frac{(36)^2}{(6)^2}$ = ?

(A) 36 (B) 16 (C) 86 (D) 1

83. $\sqrt{0.444...}$ എന്നതിനെ ദശാംശ രൂപത്തിൽ എഴുതുക

(A) 0.666... (B) 0.222...

(C) 2.222... (D) 1.666...

84. $(1.5)^2 \times (0.2)^2$ എത്ര?

(A) 0.9 (B) 0.009 (C) 0.30 (D) 0.09

85. 52 കി.മീ/മണിക്കൂർ ശരാശരി വേഗത്തിൽ സഞ്ചരിക്കുന്ന ബസ്സിൽ 6 മണിക്കൂർ കൊണ്ട് എത്ര ദൂരം യാത്ര ചെയ്യാം?

(A) 312 കി.മീ (B) 302 കി.മീ

(C) 300 കി.മീ (D) ഇവയൊന്നുമല്ല

86. 0, 1, 1, 2, 3, 5, 8... അടുത്ത സംഖ്യ ഏത്?

(A) 12 (B) 13 (C) 16 (D) 0

87. ഒരു ആൾ 1200 രൂപയ്ക്ക് നാളികേരം വാങ്ങി. അത് വിൽക്കുമ്പോൾ 12% ലാഭം ലഭിക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നു. എങ്കിൽ എത്ര രൂപയ്ക്കാണ് നാളികേരം വിൽക്കേണ്ടത്?

(A) 1212 രൂപ (B) 1244 രൂപ

(C) 1344 രൂപ (D) 1300 രൂപ

88. $2\frac{1}{2} - \frac{1}{8} - \frac{1}{16}$ = ______

(A) $\frac{33}{16}$ (B) $\frac{37}{16}$ (C) $\frac{27}{16}$ (D) $\frac{23}{16}$

89. ഒരു ക്ലാസിലെ 35 കുട്ടികളുടെ ശരാശരി വയസ് 11 ആണ്. ടീച്ചറേയും കൂടി ചേർത്തപ്പോൾ ശരാശരി വയസ് 12 ആയി. ടീച്ചറുടെ വയസ് എത്ര?

(A) 40 (B) 37 (C) 47 (D) 42

90. ആദ്യത്തെ 5 ഒറ്റ സംഖ്യകളുടെ ലസാഗു കാണുക

(A) 300 (B) 9 (C) 3 (D) 315

91. KERALA യുടെ കോഡ് JFQBKB ആയാൽ ODISHA യുടെ കോഡ് എന്ത്?

(A) NEHTGB (B) LEHTGB (C) LCJGB (D) NEHTIZ

92. 50 കുട്ടികൾ ഉള്ള ക്ലാസിൽ അനുവിന്റെ റാങ്ക് 20 ആണ്. എങ്കിൽ അവസാന റാങ്കിൽ നിന്നും അനുവിന്റെ സ്ഥാനം എത്ര?

(A) 30 (B) 31 (C) 19 (D) 21

93. 5 : 126 : : 9 : ———

(A) 730 (B) 728 (C) 729 (D) 225

94. ഒറ്റയാനെ കണ്ടെത്തുക :

146, 156, 176, 196

(A) 146 (B) 156 (C) 176 (D) 196

95. + = ×, – = ÷, × = –, ÷ = + എങ്കിൽ 5 + 6 ÷ 6 – 2 × 10 ന്റെ വിലയെന്ത്?

(A) 8 (B) 23 (C) 20 (D) 30

96. $\frac{2}{3} + x = \frac{5}{6}$ $x$ ന്റെ വിലയെന്ത്?

(A) $\frac{1}{3}$ (B) $\frac{1}{5}$ (C) $\frac{2}{6}$ (D) $\frac{1}{6}$

97. ഒരാൾ നേർരേഖയിൽ 5 മീറ്റർ കിഴക്കോട്ടും തുടർന്ന് നേർരേഖയിൽ തന്നെ ലംബമായി 12 മീറ്റർ വടക്കോട്ടും നടന്നു. ഇപ്പോൾ നിൽക്കുന്ന സ്ഥാനവും ആദ്യത്തെ സ്ഥാനവും തമ്മിലുള്ള ഏറ്റവും കുറഞ്ഞ അകലമെത്ര?

(A) 17 മീ (B) 7 മീ (C) 13 മീ (D) 10 മീ

98. പുസ്തകങ്ങൾ : ലൈബ്രറി ::സിനിമ :———

(A) ടിക്കറ്റ് (B) തിയേറ്റർ

(C) സംവിധായകൻ (D) നിർമ്മാതാവ്

99. A യുടെ അമ്മയാണ് B. B യുടെ അമ്മയാണ് C. C യുടെ മകനാണ് D. എങ്കിൽ A യുടെ ആരാണ് D?

(A) അച്ഛൻ (B) സഹോദരൻ

(C) അമ്മാവൻ (D) അളിയൻ

100. മനുവിന് വിനുവിനേക്കാൾ 10 വയസ് കൂടുതൽ ആണ്. അടുത്ത വർഷം മനുവിന്റെ പ്രായം വിനുവിന്റെ പ്രായത്തിന്റെ രണ്ടു മടങ്ങാകും. ഇപ്പോൾ മനുവിന്റെ പ്രായം എത്രയാണ്?

(A) 19 (B) 9 (C) 6 (D) 10

SPACE FOR ROUGH WORK

**FINAL ANSWER KEY**
**Question Paper Code:11-2025**
**Question Paper Medium:Malayalam**
**Category Code:134/2023,259/2023,446/2023,447/2023,587/2023,696/2023,697/2023**
**Name Of Post & Department:Up to 10th level Common Preliminary Examination- ( Store Keeper, Asst.**
**Date Of Test:25-Jan-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | D | X | D | D |
| 2 | A | X | A | A |
| 3 | B | C | C | C |
| 4 | B | X | A | A |
| 5 | C | A | B | C |
| 6 | C | B | B | D |
| 7 | C | C | C | X |
| 8 | D | A | C | B |
| 9 | B | C | A | C |
| 10 | D | D | C | D |
| 11 | D | A | B | C |
| 12 | B | C | C | B |
| 13 | B | B | X | B |
| 14 | A | C | B | C |
| 15 | B | B | A | D |
| 16 | X | A | B | A |
| 17 | X | D | D | B |
| 18 | X | A | A | C |
| 19 | C | C | C | A |
| 20 | X | A | A | D |
| 21 | A | B | C | C |
| 22 | B | B | D | B |
| 23 | C | C | X | C |
| 24 | A | C | B | D |
| 25 | C | A | C | C |
| 26 | D | C | D | A |
| 27 | A | B | C | B |
| 28 | C | C | B | C |
| 29 | B | X | B | A |
| 30 | C | B | C | C |
| 31 | B | A | D | B |
| 32 | A | B | A | D |
| 33 | D | D | B | B |
| 34 | A | A | C | A |
| 35 | C | C | A | A |
| 36 | A | A | D | D |
| 37 | B | C | C | A |
| 38 | B | D | B | B |
| 39 | C | X | C | C |
| 40 | C | B | D | B |
| 41 | A | C | C | C |
| 42 | C | D | A | D |
| 43 | B | C | B | A |
| 44 | C | B | C | B |
| 45 | X | B | A | A |
| 46 | B | C | C | X |
| 47 | A | D | B | B |
| 48 | B | A | D | D |
| 49 | D | B | B | C |
| 50 | A | C | A | B |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | C | A | A | C |
| 52 | A | D | D | A |
| 53 | C | C | A | D |
| 54 | D | B | B | A |
| 55 | X | C | C | B |
| 56 | B | D | B | B |
| 57 | C | C | C | C |
| 58 | D | A | D | C |
| 59 | C | B | A | C |
| 60 | B | C | B | D |
| 61 | B | A | A | B |
| 62 | C | C | X | D |
| 63 | D | B | B | D |
| 64 | A | D | D | B |
| 65 | B | B | C | B |
| 66 | C | A | B | A |
| 67 | A | A | C | B |
| 68 | D | D | A | X |
| 69 | C | A | D | X |
| 70 | B | B | A | X |
| 71 | C | C | B | C |
| 72 | D | B | B | X |
| 73 | C | C | C | A |
| 74 | A | D | C | B |
| 75 | B | A | C | C |
| 76 | C | B | D | A |
| 77 | A | A | B | C |
| 78 | C | X | D | D |
| 79 | B | B | D | A |
| 80 | D | D | B | C |
| 81 | B | C | B | B |
| 82 | A | B | A | C |
| 83 | A | C | B | B |
| 84 | D | A | X | A |
| 85 | A | D | X | D |
| 86 | B | A | X | A |
| 87 | C | B | C | C |
| 88 | B | B | X | A |
| 89 | C | C | A | B |
| 90 | D | C | B | B |
| 91 | A | C | C | C |
| 92 | B | D | A | C |
| 93 | A | B | C | A |
| 94 | X | D | D | C |
| 95 | B | D | A | B |
| 96 | D | B | C | C |
| 97 | C | B | B | X |
| 98 | B | A | C | B |
| 99 | C | B | B | A |
| 100 | A | X | A | B |

'X' denotes deletion

Approved For Publication
Sd/-
Section officer